കൾക്കും 25 ബി.എസ്.സി. (ജനറൽ) ബിരുദധാരികൾക്കുമുള്ളതാണ്. ഇപ്പോഴുള്ള അംഗീകൃത തസ്തികയുടെ എണ്ണം യഥാക്രമം 49.50 വീതം ഉണ്ട്.

(സി) ഇനി 18 പേർക്കുകൂടി നിയമനം നൽകാവുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) എഫ്.എൻ.ടി.ആർ. വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃതമായ നിയമനങ്ങൾ മാത്രമേ നൽകുന്നുള്ളൂ.

വയനാട് ജില്ലയിലെ വന്യമൃഗശല്യത്തിന് പരിഹാരം

97 (432) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യത്തിൽനിന്നും വയനാട് ജില്ലയിലെ കൃഷിക്കാരെയും ജനങ്ങളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ വന്യമൃഗ ആക്രമണം സംബന്ധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) ആക്രമണത്തിന് ഇരയായവർക്കും അവരുടെ കുടുംബത്തിനും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) വന്യമൃഗ ഭീക്ഷണിയിൽനിന്നും പൊതുജനങ്ങൾക്കും കൃഷിക്കും സംരക്ഷണം നൽകുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വയനാട് ഡിവിഷന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിൽ വന്യമൃഗശല്യത്തിൽനിന്നും കൃഷിക്കാരെയും ജനങ്ങളെയും സംരക്ഷിക്കുന്നതിന് 76.495 കിലോമീറ്റർ വൈദ്യുതി കമ്പിവേലിയും 56-141 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങും 0.82 കിലോമീറ്റർ പ്രതിരോധമതിലും നിർമ്മിച്ചിട്ടുണ്ട്. ആയവ ഇല്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആയവ നിർമ്മിച്ചുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

വർഷം	മരണ റിപ്പോർട്ട്	മുറിവേറ്റത്	കൃഷിനാശം	ആകെ
1996	5	5	265	275
1997	4	3	21	28
1998	-	3	294	297
1999	4	2	157	163
2000	3	-	93	96
	ആകെ			859

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ഡി) ഇപ്പോൾ വയനാട് ഡിവിഷൻ, ട്രഞ്ച്, വൈദ്യുത കമ്പിവേലി, പ്രതിരോധമതിൽ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly